(ഡി) പരിഷ്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ മെച്ചപ്പെടുത്തുവാനും വേണ്ടി നിയമിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ഫിനാൻസ് വകുപ്പുമായി ചർച്ചകൾ പൂർത്തിയായി. അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി ഭേദഗതികൾ വരുത്തിയ മാന്വൽ പ്രസിദ്ധീകരിക്കുവാൻ നടപടികളെടുത്ത് വരുന്നു.

എസ്റ്റിമേറ്റ് എടുത്ത വർക്കുകൾക്ക് ടെണ്ടർ നടപടിക്ക് കാലതാമസം

343(3268) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്താൻ എസ്റ്റിമേറ്റ് എടുത്ത് സമർപ്പിക്കുന്ന വർക്കുകൾക്ക് ഭരണ, സാങ്കേതിക അനുമതികൾ നൽകാൻ കാലതാമസം വരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നടപ്പു സാമ്പത്തിക വർഷം അവസാനിക്കാൻ 4 മാസം മാത്രം ഉള്ളപ്പോൾപോലും നിരവധി മാസങ്ങൾക്കുമുമ്പ് സമർപ്പിച്ച വർക്കുകളിൽ ഇനിയും ടെണ്ടർ നടപടി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സാമ്പത്തിക പ്രതിസന്ധി കാരണം ടി പ്രവർത്തനങ്ങൾ താമസിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നത് ശരിയാണോ ; ഇല്ലെങ്കിൽ ഇതിന് വേണ്ട പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്താൻ എസ്റ്റിമേറ്റ് എടുത്ത് സമർപ്പിക്കുന്ന വർക്കുകൾക്ക് അതാത് ഭരണ വകുപ്പുകളാണ് ഭരണാനുമതി നൽകുന്നത്. പൊതുമരാമത്ത് വകുപ്പിൽ ഭരണ സാങ്കേതികാനുമതികൾ നൽകുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിർദ്ദേശം നൽകിയിട്ടില്ല.

കട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം

344(3269) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈനകരി പഞ്ചായത്തിലെ മുണ്ടയ്യൽ പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly